## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3132     19-6-2018-ൽ മറുപടിയ്ക്ക്

**കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. അടൂർ പ്രകാശ്** | | **അഡ്വ.കെ.രാജു (വനം,മൃഗസംരക്ഷണം ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി)** |
| എ) | കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ ഉദ്ദേശ ലക്ഷ്യങ്ങളുടെ കാര്യക്ഷമമായ സഫലീകരണം സാദ്ധ്യമാക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത് ; വിശദമാക്കാമോ ; | എ) | കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി വിദ്യാഭ്യാസ മേഖലയിൽ വെറ്ററിനറി, ഡയറി, പൗൾട്രി എന്നീ 3 ഫാക്കൽറ്റികളിലായി 9 കോളേജുകൾ, 5 മൾട്ടി ഡിസിപ്ലിനറി സ്കൂളുകൾ, 7 പഠന കേന്ദ്രങ്ങൾ, 1 അഫിലിയേറ്റഡ് കോളേജ്, 15 ഫാമുകളും , ഗവേഷണ സ്ഥാപനങ്ങളും അടങ്ങുന്ന വിദ്യാഭ്യാസ - ഗവേഷണ -വിജ്ഞാന വ്യാപന - സംരഭകത്വ വികസന ശൃഖലയിലൂടെ 4 ബിരുദ കോഴ്സുകളും 23 ഓളം വകുപ്പുകളിലായി വൈവിധ്യമാർന്ന 9 മാസ്റ്റേഴ്സ് പ്രോഗ്രാമുകൾ, 30 വകുപ്പുകളിലായി 3 വ്യത്യസ്ത ഡോക്ടറേറ്റ് പ്രോഗ്രാമുകൾ 4 വീതം പി.ജി ഡിപ്ലോമ പ്രോഗ്രാമുകൾ 16 സാങ്കേതിക വിദ്യയിലധിഷ്ഠിതമായ വിദൂരപഠന പരിപാടികൾ എന്നിവ നടത്തി വരുന്നു.<br>ഗവേഷണ മേഖലയിൽ ഇപ്പോൾ 26 ഓളം ബാഹ്യ സഹായ പദ്ധതികളും പി.ജി, ഡോക്ടറൽ ഗവേഷണ പദ്ധതികളും നടത്തി വരുന്നു.<br>വിവിധ ഫണ്ടിംഗ് ഏജൻസികളുടെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി നൽകുന്നു.<br>വിജ്ഞാന വ്യാപന-സംരഭകത്വ മേഖലയിൽ 5 ഓളം സാങ്കേതിക വിദ്യകൾ സർവ്വകലാശാല ഉരുത്തിരിച്ചെടുത്തിട്ടുണ്ട്. കൂടാതെ എക്സിബിഷനുകൾ, സ്റ്റാളുകൾ, മൃഗാരോഗ്യ ക്യാമ്പുകൾ, ആദിവാസി വികസന പദ്ധതികൾ, ആദിവാസി കോളനി ഏറ്റെടുക്കൽ, കാർഷിക-സംരഭകത്വ യോഗങ്ങൾ, നിയമാവബോധ പരിപാടികൾ, സഞ്ചരിക്കുന്ന മൃഗപരിപാലന സേവനങ്ങൾ, മൃഗസംരക്ഷണ മേഖലയിലെ ഗ്രാമീണ സ്റ്റാർട്ട്-അപ്പ് പദ്ധതികൾ, സാങ്കേതിക ബിസിനസ് |

| | | | |
|---|---|---|---|
| | | | ഇൻകുബേഷൻ പദ്ധതികൾ, പത്രമാധ്യമങ്ങളിലൂടെയുള്ള ലേഖനങ്ങൾ, സർവ്വകലാശാല വെബ് സൈറ്റിലൂടെയുള്ള കമ്മ്യൂണിക്കേഷനുകൾകൾ, കൃത്യത കൃഷി സംരക്ഷണങ്ങൾ എന്നിവ നടത്തി വരുന്നു. |
| ബി) | ഗുണനിലവാരമുള്ള കന്നുകുട്ടികളെ ഉല്പാദിപ്പിക്കുന്നതിലും, തീറ്റപ്പുൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും യൂണിവേഴ്സിറ്റി നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ; | ബി) | മെച്ചപ്പെട്ട ഉൽപ്പാദനത്തിനും മികച്ച രോഗപ്രതിരോധത്തിനുമായി 305 ദിവസത്തെ കറവ ദൈർഘ്യത്തിൽ 3500 ലിറ്റർ പാലുൽപ്പാദി പ്പിക്കുന്ന ഉരുക്കളെ വിഭാവനം ചെയ്ത് 50 % നാടൻ വർഗ്ഗ ഗുണം ഉറപ്പാക്കി ജേഴ്സി, ഹോൾസ്റ്റിൻ ഇനങ്ങളുമായി ക്രമമായി ഇണചേർത്ത് കന്നുകുട്ടികളെ ഉൽപ്പാദിപ്പിക്കുന്നു. സമീപ ഭാവിയിൽ കർഷകർക്ക് മേൽത്തരം കന്നുകുട്ടികളെ നൽകുന്നതിന് യൂണിവേഴ്സിറ്റിയുടെ വിവിധ ഫാമുകളിൽ കാഫ് നഴ്സറികൾ സ്ഥാപിക്കു വാൻ ഉദ്ദേശിക്കുന്നുണ്ട്.<br>പൂക്കോട് ഫാമിൽ കെ.എൽ.ഡി.ബി യിലെ ഉയർന്ന ഗുണ നിലവാരമുള്ള ബീജം ഉപയോഗിച്ച് കന്നുകുട്ടികളെ ഉൽപ്പാദിപ്പിച്ച് വരുന്നു.<br>ഗുണ നിലവാരമുള്ള തീറ്റപ്പുൽ കേരളത്തിലെ ഓരോ ക്ഷീര കർഷകരിലേക്കും എത്തിക്കുക എന്ന ലക്ഷ്യത്തോടെ യൂണിവേഴ്സിറ്റിയുടെ വിവിധ ഫാമുകളിൽ നിന്നും സി.ഒ-3, സി.ഒ-4, സി.ഒ-5, ഗിനി, പാര എന്നീ ഇനം പുല്ലുകൾ അവയുടെ വിത്ത്, ചെടികൾ എന്നിവയും നൽകി വരുന്നുണ്ട്.<br>ശരിയായ മണ്ണ് പരിപാലനത്തിലൂടെ തീറ്റപ്പുല്ലിന്റെ ഉൽപ്പാദനവും, ഗുണനിലവാരവും കൂട്ടുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. |
| സി) | സർവ്വകലാശാലയുടെ തുമ്പൂർമുഴി, കോലാഹലമേട്, പൂക്കോട് ക്യാമ്പസ്സുകളിൽ. ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ് ; | സി) | പഠനാധിഷ്ഠിത ഫാം ടൂറിസവുമായി ബന്ധപ്പെട്ട് കോലാഹലമേട്, തുമ്പൂർമുഴി, മണ്ണുത്തി ക്യാമ്പസ്സുകളിൽ നടപ്പിലാക്കാനായി പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. അതിനു വേണ്ട ധനസഹായം ഉചിതമായ ഏജൻസിയിൽ നിന്ന് ലഭിക്കുന്നതിനുള്ള ശ്രമം നടത്തി വരുന്നു. |
| ഡി) | അദ്ധ്യയന - ഗവേഷണ മേഖലകളിൽ ഏതെങ്കിലും അന്താരാഷ്ട്ര സർവ്വകലാശാലകളുമായി പ്രസ്തുത യൂണിവേഴ്സിറ്റിയ്ക്ക് സഹകര ണമുണ്ടോ; എങ്കിൽ ഏതൊക്കെ സർവ്വകലാശാലകളുമായിട്ടാണെന്ന് വ്യക്തമാക്കുമോ ? | ഡി) | യൂണിവേഴ്സിറ്റി ഓഫ് വെസ്റ്റേൺ ആസ്ട്രേലിയ, യൂണിവേഴ്സിറ്റി ഓഫ് എഡിൻബർഗ്, യൂണിവേഴ്സിറ്റി ഓഫ് ഗൾഫ്, യൂണിവേഴ്സിറ്റി ഓഫ് കണക്ടികട്ട്, വേൾഡ് യൂണിവേഴ്സിറ്റി നെറ്റ് വർക്ക് എന്നിവയുമായി അദ്ധ്യയന മേഖലയിൽ സഹകരണമുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി പദ്ധതി നടത്തിപ്പിനായി ആശ്രയിക്കുന്ന ഫണ്ടിംഗ് ഏജൻസികൾ**

| ക്രമ നമ്പർ | ഫണ്ടിങ്ങ് ഏജൻസി | പദ്ധതികളുടെ എണ്ണം | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | ICAR | 08 | 593.32 |
| 2 | KSCSTE | 07 | 67.48 |
| 3 | RKVY | 03 | 1223.05 |
| 4 | AHD | 03 | 32.84 |
| 5 | ATMA | 02 | 22.17 |
| 6 | NABARD | 01 | 8.30 |
| 7 | DTRA | 01 | 70.61 |
| 8 | DST-SERB | 01 | 37.73 |
| | **ആകെ** | **26** | **2055.50** |